# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നം ഇടാത്ത ചോദ്യം നമ്പർ. 2715 12.03.2018-ൽ മറുപടിയ്ക്ക്**

## റവന്യൂ റിക്കവറി കുടിശ്ശിക തവണയായി അടയ്ക്കാനുള്ള അനുവാദം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.മുല്ലക്കര രത്നാകരൻ<br>ശ്രീ. ആർ. രാമചന്ദ്രൻ<br>ശ്രീ. ഇ.ടി. ടൈസൺ മാസ്റ്റർ<br>ശ്രീ. മുഹമ്മദ് മുഹസിൻ. പി | | ശ്രീ.ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) | റവന്യൂ റിക്കവറി കുടിശ്ശികയ്ക്ക് തവണ അനുവദിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നിർദ്ദേശങ്ങൾ വിശദമാക്കാമോ ; | (എ) | റവന്യൂ റിക്കവറി കുടിശ്ശിക കേസുകളിൽ കുടിശ്ശിക തുകയ്ക്ക് ഗഡുക്കൾ അനുവദിക്കുന്നതിന് 14.3.2002-ലെ സ.ഉ (കൈ) 37/2002/റവ, 29.5.2012-ലെ സ.ഉ (കൈ) 217/2012/റവ എന്നിവ പ്രകാരം സാമ്പത്തിക പരിധി നിശ്ചയിച്ചുകൊണ്ട് ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നു. റവന്യൂ റിക്കവറി കുടിശ്ശിക കേസ്സുകളിൽ ഗഡുക്കൾ അനുവദിക്കുന്ന തുകയുടെ പരിധി ഗണ്യമായി ഉയർത്തിയാൽ ഗഡുകൾ അനുവദിച്ച് കിട്ടുന്നതിനായി സമീപിക്കുന്നവരുടെ എണ്ണം കുറയ്ക്കാനും വടക്കൻ ജില്ലയിലെ ജനങ്ങൾക്ക് പ്രായോഗിക ബുദ്ധിമുട്ട് കുറയ്ക്കാനും കഴിയും എന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ റവന്യൂ റിക്കവറി കുടിശ്ശിക കേസുകളിൽ ഗഡുക്കൾ അനുവദിക്കുന്നതിനുള്ള തുകയുടെ സാമ്പത്തിക പരിധി ഉയർത്തിക്കൊണ്ട് 17.01.2017 -ൽ സ.ഉ |

| | | | |
|---|---|---|---|
| | | | (കൈ) നം.20/17/റവ ആയി താഴെ സൂചിപ്പിക്കും പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>തഹസിൽദാർ 25,000/- രൂപ വരെ (പരമാവധി 10 ഗഡുക്കൾ)<br><br>ജില്ലാ കളക്ടർ സർക്കാർ കുടിശ്ശിക -1 ലക്ഷംരൂപ വരെ<br><br>ബാങ്ക് വായ്പാ കുടിശ്ശിക - 2 ലക്ഷം രൂപ വരെ<br><br>റവന്യൂ മന്ത്രി - 5 ലക്ഷം രൂപ വരെ<br><br>ധനകാര്യമന്ത്രി -5 ലക്ഷം രൂപ മുതൽ പത്ത് ലക്ഷം രൂപ വരെ<br><br>മുഖ്യമന്ത്രി - 10 ലക്ഷം രൂപയ്ക്ക് മുകളിൽ |
| (ബി) | തവണ അനുവദിക്കുന്നതിന് ജില്ലാ കളക്ടർമാർക്കുള്ള അധികാരം ഉയർത്തി നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | 17.01.2017 -ൽ സ.ഉ(കൈ) നം.20/17/റവ പ്രകാരം സർക്കാർ കുടിശ്ശികയ്ക്ക് 1 ലക്ഷം രൂപ വരെയും ബാങ്ക് വായ്പാ കുടിശ്ശികയ്ക്ക് 2 ലക്ഷം രൂപ വരെയും പരിധി ഉയർത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | എത്ര തുക വരെയുള്ള കുടിശ്ശികയ്ക്ക് തവണകൾ അനുവദിക്കുന്നതിനാണ് തഹസീൽദാർമാർക്ക് അധികാരം നൽകിയിട്ടുള്ള തെന്ന് വ്യക്തമാക്കാമോ; | (സി) | 17.01.2017 -ൽ സ.ഉ(കൈ) നം.20/17/റവ ഉത്തരവ് പ്രകാരം തഹസിൽദാർക്ക് 25,000/- രൂപ വരെ (പരമാവധി 10 ഗഡുക്കൾ) തവണകൾ അനുവദിക്കുന്ന തിനുള്ള അധികാരം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | തവണ അനുവദിക്കുന്ന പ്രക്രിയ ഓൺലൈൻ ആക്കുന്നതിലെ പുരോഗതി വ്യക്തമാക്കുമോ? | (ഡി) | റവന്യൂ റിക്കവറി നടപടികൾ ഓൺലൈൻ മുഖേന നിർവഹിക്കുന്നതിന്റെ ഭാഗമായി 01.01.2017 മുതൽ സംസ്ഥാനമൊട്ടാകെ ആർ.ആർ. ഓൺലൈൻ എന്ന സോഫ്റ്റ് വെയർ നടപ്പിലാക്കിയിട്ടുണ്ട്. പ്രസ്തുത ആർ.ആർ.ഓൺലൈൻ സോഫ്റ്റ് വെയറിന്റെ വെബ് വിലാസം **rr.kerala.gov.in** എന്നാണ്. 17.01.2017-ലെ സ.ഉ (എം.എസ്)നം.20/2017/റവ നമ്പർ ഉത്തരവിന് വിധേയമായി പ്രസ്തുത ആർ.ആർ ഓൺലൈൻ സോഫ്റ്റ് വെയർ മുഖാന്തിരം ഗഡുക്കൾ അനുവദിക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. |

**സെക്ഷൻ ഓഫീസർ**